No. 4063/K-5/KCBC/OL/DS 08.11.2024

# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ 2025 ജൂബിലി വർഷത്തിലേക്ക് ആഗോളസഭ പ്രവേശിക്കുന്നു. ക്രിസ്തുമസ് രാവിനെ വരവേൽക്കുവാൻ ഡിസംബർ മാസംമുഴുവൻ ബൈബിൾ പാരായണമാസമായും, ഡിസംബർ 22 “ബൈബിൾ ഞായറായും” ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാസഭയും ഒരുങ്ങുകയാണ്. കേരളസഭ മറ്റൊരു അപൂർവമായ ഒരു ജൂബിലി നേട്ടത്തിലേക്ക് പ്രവേശിക്കുന്നു. ലോകത്തിലെതന്നെ ഏറ്റവും വലിയതെന്നു കരുതപ്പെടുന്ന ലോഗോസ് ദൈവവചന ക്വിസ്സിന്റെ 25 വർഷം പൂർത്തീകരിക്കുന്നു.

വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 5,5ൽനിന്നുള്ള “പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല” ‘spes non confudit’ എന്ന തിരുവചനമാണ് 2025 ജൂബിലി വർഷത്തിലെ തിരുവെഴുത്തിന്റെ കേന്ദ്രവിഷയമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്നത്. ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ചുള്ള സുനിശ്ചിതാവസ്ഥ ഏത് പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യാമെന്നുള്ള പ്രത്യാശ നമുക്കു പകരും. ജൂബിലിയെന്നുള്ളത് നമ്മുടെ രക്ഷയുടെ ‘കവാടമായ’ (cf യോഹ 10,7-9) യേശുക്രിസ്തുവുമായുള്ള യഥാർഥവും വ്യക്തിപരവുമായ കണ്ടുമുട്ടലിന്റെ അവസരമാണ്. ‘നമ്മുടെ പ്രത്യാശ’യായ (1 തിമോ 1,1) ക്രിസ്തുവിനെ പ്രഘോഷിക്കുകയാണ് സഭയുടെ ഉത്തരവാദിത്വം. നാളെ എന്തായിരിക്കും എന്ന അനിശ്ചിതത്വം മനസിൽ നിറയുമ്പോഴും എല്ലാം നന്മയ്ക്കായി ഭവിക്കും (റോമാ 8,28) എന്ന “പ്രത്യാശ” നമ്മെ വഴിനടത്തുന്നു. ഈ “പ്രത്യാശ” ക്രിസ്തുവാണ്. ‘നമ്മുടെ പ്രത്യാശ’യായ (1 തിമോ 1,1) യേശുക്രിസ്തുവിനെ കണ്ടെത്തുവാൻ ദൈവവചനം നമ്മെ സഹായിക്കുന്നു.

ക്രൈസ്തവജീവിതം ഈ പ്രത്യാശയെ കണ്ടെത്തുന്നതിനും അനുഭവിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള കൂടുതൽ തീക്ഷ്ണമായ നിമിഷങ്ങൾ ആവശ്യപ്പെടുന്ന ഒരു യാത്രയാണ്. “കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ, കർത്താവിന് വേണ്ടി കാത്തിരിക്കുവിൻ” (സങ്കീ 27,14) എന്ന സങ്കീർത്തനവചനം തീർഥാടകരായ ഓരോ വിശ്വാസിക്കും പ്രതീക്ഷയുടെ വെളിച്ചമാകട്ടെ. ആരെയും നിരാശപ്പെടുത്താത്ത നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിലേക്ക് എല്ലാവരേയും കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. ‘പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല’ എന്ന ദൈവവചനത്തെ ഹൃദയത്തിൽനിറച്ച് ഈ വർഷത്തെ ബൈബിൾ പാരായണമാസത്തെയും ജൂബിലി വർഷത്തെയും നമുക്ക് വരവേൽക്കാം. പ്രത്യാശ മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവിക്കായി ദൈവവചന പാരായണ മാസത്തിലൂടെ, നമുക്ക് ഒരുങ്ങാം. “പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല” എന്ന തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യാശയുടെ കാരണം കണ്ടെത്താൻ ദൈവവചന പാരായണത്തിലൂടെയും വചന വിചിന്തനത്തിലൂടെയും നമുക്കു പരിശ്രമിക്കാം.

**കേരള കത്തോലിക്കാസഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പസ്തോലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. ഈ ജൂബിലി വർഷത്തിൽ വചനനിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും സൈൻബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പി.ഒ.സി. ബൈബിൾ സമ്പൂർണ്ണമായി പരിഷ്ക്കാരം നടത്തി പ്രസിദ്ധീകരിച്ചു. ലക്ഷ

ങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ഇപ്പോൾ കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവിബുദ്ധി മുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾച്ചേർത്ത് വിപുലമാക്കിയിട്ടുണ്ട്. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യ ആക്കാനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലും ഇപ്പോൾ മുന്നേറുകയാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 22-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരു ശരീരമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾ സഹായകമാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ ജൂബിലിവർഷത്തിലേക്ക് കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം. 2025ലെ 25-ാമത് ലോഗോസ് ക്വിസ് എല്ലാ രൂപതകളും ഇടവകകളും കുടുംബക്കൂട്ടായ്മകളും യുവജനങ്ങളും വേദപാഠവിദ്യാർഥികളും ഒന്നുചേർന്ന് വിജയമാക്കണമെന്ന് താല്പര്യപ്പെടുന്നു. കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്.

ദൈവവചന പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ പ്രവാചകരായി ഈ വരുന്ന ജൂബിലിയെ എതിരേൽക്കാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, പ്രത്യാശ നമ്മിൽ നിറയ്ക്കുന്ന മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

NB: 2024 ഡിസംബർ 22-ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025